- പത്ര വാർത്ത വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക




മഴക്കെടുതികളെ തുടർന്നുള്ള വെള്ളക്കെട്ട്, മലിനജലം ഇവ ധാരാളം രോഗകാരികൾ

പെരുകാനുള്ള സാഹചര്യം ഉണ്ടാക്കുന്നു.

കൊതുകിന്റെ പെറുകൽ, മലിനജലം ഇവ  പലതരത്തിലുള്ള സാംക്രമിക രോഗങ്ങൾക്ക്

കാരണമാകുന്നു.

**സൂക്ഷ്മ ജീവികളും രോഗങ്ങളും**

ഉപകാരികളായ സൂക്ഷ്മ ജീവികളെ പോലെ തന്നെ ധാരാളം രോഗകാരികളായ സൂക്ഷ്മ


ജീവികളും കാണപ്പെടുന്നു.

ഉദാ:

- ബാക്ടീരിയ
- വൈറസ്
- ഫംഗസ്
- പ്രൊട്ടോസോവ

രോഗകാരികൾ ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് പകരുന്ന വിവിധ മാർഗ്ഗങ്ങൾ :

- സ്പർശനം
- മലിനമായ ആഹാരവും ജലവും
- ചുമ , തുമ്മൽ
- അണുവിമുക്തമാക്കാത്ത ഉപകരണങ്ങൾ
- വാഹകരായ ജന്തുക്കൾ വഴി
- വസ്ത്രം വഴി




ചിത്രീകരണം 4.1 രോഗങ്ങൾ പകരുന്ന വിധം

പ്രളയബാധിത പ്രദേശങ്ങളിൽ പടർന്ന് പിടിക്കാൻ ഇടയുള്ള രോഗമാണ് എലിപ്പനി.

**പ്രളയാനന്തരം സ്വീകരിക്കേണ്ട മുൻകരുതലുകൾ :**

- തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കുക.
- ശരിയായ അളവിൽ ക്ലോറിൻ ഉപയോഗിച്ച് ശുദ്ധീകരിച്ച കുടിവെള്ളം ഉപയോഗിക്കുക.
- വെള്ളക്കെട്ടുകളിലും മറ്റും കൊതുകുകൾ പെരുകാനിടയുള്ളതിനാൽ കൊതുക് നശീകരണത്തിന് ഉചിതമായ മാർഗങ്ങൾ സ്വീകരിക്കുക.
- വാഹക ജീവികളെ അകറ്റുക.

- പ്രതിരോധ മരുന്നുകൾ വിദഗ്ധരുടെ നിർദേശാനുസരണം കഴിക്കുക.
- രോഗമുള്ളവർ രോഗസ്ഥിരീകരണത്തിനാവശ്യമായ പരിശോധനകൾക്ക് വിധേയരാവുക.
- മരുന്നുകൾ കഴിക്കുക
- സുരക്ഷിതമല്ലാത്ത മേഖലകളിൽ താമസിക്കുന്നവർ നിർദേശാനുസരണം സുരക്ഷിത കേന്ദ്രങ്ങളിലേയ്ക്ക് മാറുക.

## എലിപ്പനി

**രോഗകാരി :** ലെപ്റ്റോ സ്പൈറ എന്ന ബാക്ടീരിയ

**രോഗപകർച്ച :** എലികളുടെയും നായ്ക്കളുടെയും മറ്റുചില മൃഗങ്ങളുടെയും മൂത്രത്തിലൂടെ പുറത്തെത്തുന്ന ബാക്ടീരിയ കെട്ടിക്കിടക്കുന്ന വെള്ളത്തിലും ഈർപ്പത്തിലും നിലനിൽക്കുന്നു. ഇവ മുറിവിലൂടെ രക്തത്തിലെത്തുന്നു.

**മുഖ്യലക്ഷണങ്ങൾ**

- ബാക്ടീരിയ മുറിവിലൂടെ രക്തത്തിലെത്തിയാൽ ശരീരകലകളെ ബാധിക്കുകയും ചില ടോക്സിനുകൾ ഉൽപ്പാദിപ്പിക്കുകയും ചെയ്യും. ഇവ രക്തലോമികകളിൽ തകരാറുണ്ടാക്കുകയും ആന്തരിക രക്തസ്രാവത്തിന് കാരണമാവുകയും ചെയ്യും.
- ശക്തമായ പനി, തലവേദന, പേശീവേദന, കണ്ണിനുണ്ടാകുന്ന ചുവപ്പ് നിറം എന്നിവ മുഖ്യലക്ഷണങ്ങൾ .

**ചികിത്സ :**

- തുടക്കത്തിലേ കണ്ടെത്തി ചികിത്സിച്ചാൽ പരിപൂർണ്ണമായും ഭേദമാക്കാം
- ആന്റിബയോട്ടിക് ഉപയോഗിച്ചുള്ള ചികിത്സ

**<u>പലതരത്തിലുള്ള ബാക്ടീരിയകൾ</u>**

- ബാസിലസ് - ദണ്ഡാകൃതി
- കോക്കസ് മുത്തുകൾ ഒട്ടിച്ച പോലത്തെ ആകൃതി

- ➢ വിബ്രിയോ - സർപ്പിളാകൃതി
- ➢ സ്പൈറില്ലം - സ്പ്രിങ് പോലുള്ള ആകൃതി

<u>പ്രവർത്തനം</u>

1.എലിപ്പനി വരാതിക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയാണ്?

2. പകർച്ച വ്യാധികൾ തടയാൻ എന്തെല്ലാം മാർഗങ്ങൾ കൈകൊള്ളാം- - ചിത്രീകരണം തയ്യാറാക്കുക

<u>ഉത്തരങ്ങൾ</u>

**1.**

- വാഹക ജീവികളെ അകറ്റി നിർത്തുക
- പ്രതിരോധ മരുന്നുകൾ വിദഗ്ദ്ധരുടെ നിർദ്ദേശാനുസരണം കഴിക്കുക
- രോഗമുള്ളവർ രോഗസ്ഥിരീകരണത്തിനാവശ്യമായ പരിശോധനകൾക്ക് വിധേയരാവുക.
- മരുന്നുകൾ കഴിക്കുക
- വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉറപ്പ് വരുത്തുക

2.




Prepared by Rajitha C; HST(Nat.Science)SSHSS Sheni, Kasaragod